(ഡി) എ.ജി.ഓഫീസിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് അന്വേഷിച്ച് രണ്ടാഴ്ചയ്ക്കകം ചീഫ് സെക്രട്ടറി റിപ്പോർട്ട് നല്കണമെന്ന കോടതി നിർദ്ദേശം സംബന്ധിച്ച് പ്രസ്തുതയോഗം ചർച്ച ചെയ്തുകയുണ്ടായോ; ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു ?

ഉത്തരം

(എ) ഹൈക്കോടതിയുടെ ഏതെങ്കിലും വിമർശനത്തെ തുടർന്നല്ല ഗവൺമെന്റ് ലാ ആഫീസർമാരുടെ യോഗം വിളിച്ചുചേർത്തത്. മറിച്ച് ഗവൺമെന്റ് ലാ ആഫീസർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി വിളിച്ചുചേർത്ത യോഗമായിരുന്നു അത്.

(ബി) മിനിട്ട്സ് ഉണ്ടായിരുന്നില്ല.

(സി) ഗവൺമെന്റ് ലാ ആഫീസർമാരുടെ പ്രവർത്തനങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭിനന്ദിക്കുകയും കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ട് പോകണമെന്ന് ആഹ്വാനം ചെയ്തുകയും ചെയ്തു.

(ഡി) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ കോടതി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടില്ല. മറിച്ച് ഒരു കേസിൽ (Crl.MC 5111/2014 and connected cases) കോടതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടത്.

ഭവനനിർമ്മാണ പദ്ധതിക്ക് ചെലവഴിച്ച തുക

149 (156) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെയുള്ള ഭവനരഹിതർ എത്രയാണെന്നത് സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ ; എങ്കിൽ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയിലും 2011-2012, 12-2013, 13-2014, 14-2015 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലും ഏജൻസികളിലുമായി എത്ര പേരുടെ അപേക്ഷകൾ ഭവന നിർമ്മാണ സഹായത്തിനായി ലഭിച്ചു എന്നും ഓരോ വർഷവും എത്രപേർക്ക് ധനസഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങൾ ഉണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭവന നിർമ്മാണ പദ്ധതികൾ

150 (157) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തിൽ ഭവന നിർമ്മാണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; എത്ര പേർക്ക് ഭവന നിർമ്മാണസഹായം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) ഭവന വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കട ബാദ്ധ്യത ലഘൂകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) എല്ലാവർക്കും പാർപ്പിടം പദ്ധതി, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി, ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്വന്തം സ്ഥലത്ത് മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം എന്നിവയാണ് 2015-16 വർഷത്തിൽ ഭവന നിർമ്മാണ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ.

സാന്ത്വനം പദ്ധതിയ്ക്ക് 7.5 കോടി രൂപയും, മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം പദ്ധതിക്ക് 2 കോടി രൂപയും 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാവർക്കും പാർപ്പിടം പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly